(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം**

**43 (6190)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം നൽകുമോ ;

(സി) എന്നു മുതൽക്കാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**വിവിധ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി**

**44 (6191)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഫയലുകളുടെയും മറ്റും കൈമാറ്റം കാലതാമസം ഉണ്ടാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകൾ തമ്മിലുള്ള കത്ത്-ഫയൽ ഇടപാടുകൾ ഓൺലൈൻ വഴിയാക്കിയാൽ കാലതാമസം ഒഴിവാക്കാമെന്നതിനാൽ അത്തരം പരിഷ്കാരം നടപ്പിലാക്കാൻ തയ്യാറാകുമോ ;

(ഡി) എല്ലാ സർക്കാർ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും അപേക്ഷകന് രസീത് നൽകുന്ന സംവിധാനവും ഏർപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly